ഗസറ്റ് തീയതി : **31.12.2019**

അവസാന തീയതി : **05.02.2020**

**കാറ്റഗറി നമ്പർ: 479/2019**

## എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ താഴ്ന്ന തസ്തികകളിലെ ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനുള്ള എലിജിബിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ താഴ്ന്ന തസ്തികകളിലെ ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ തസ്തികയുടെ നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹത നിശ്ചയിക്കുന്ന എലിജിബിറ്റി (അർഹതാ നിർണ്ണയ) പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽപ്പെടുന്ന [(1. ബൈൻഡർ, 2. അറ്റന്റർ, 3. ഡ്യൂപ്ലിക്കേറ്റർ ഓപ്പറേറ്റർ, 4. ഡഫേദാർ, 5. വാച്ച്മാൻ (റഗുലർ എസ്റ്റാബ്ലിഷ്മെന്റ്) 6. പ്യൂൺ, 7. ഇലക്ട്രിസിറ്റി വർക്കർ, 8. ലൈൻമാൻ ഗ്രേഡ് I, ഗ്രേഡ് II, 9. ഫുൾടൈം കണ്ടിജന്റ് എംപ്ലോയീസ് എന്നീ തസ്തികകളിൽ ബോർഡിൽ ജോലി നോക്കുന്നവർക്കായി നീക്കി വച്ചിട്ടുള്ളത്] ലോവർ ഗ്രേഡ് തസ്തികകളിൽ ജോലി നോക്കുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.**

1). **യോഗ്യതകൾ**

1) എസ്.എസ്.എൽ.സി. വിജയിച്ചിരിക്കണം.

2) വൈദ്യുതി ബോർഡിലെ സബോർഡിനേറ്റ് സർവ്വീസിൽ 5 വർഷത്തിൽ കുറയാത്ത സ്ഥിരം സേവനം പൂർത്തിയാക്കിയിരിക്കണം. (പ്രീഡിഗ്രിയോ, തത്തുല്യമായ യോഗ്യതയോ ഉള്ളവർക്ക് ബോർഡിലെ 3 വർഷത്തെ സർവ്വീസ് മതിയാകും.)

**2). പ്രായപരിധി:- ബാധകമല്ല.**

**3). പരീക്ഷ: ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യനിർണ്ണയം) ഒരു മണിക്കൂർ 15 മിനിറ്റ് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ.**

**4). അപേക്ഷാ ഫീസ്:-** ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

